പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 851 — 05.02.2020 ൽ മറുപടിയ്ക്ക്

## വംശനാശഭീഷണി നേരിടുന്ന ഔഷധ ചെടികളുടെ സംരക്ഷണം

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി | | മറുപടി<br>അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഔഷധ സസ്യങ്ങളുടെ വ്യാപനത്തിനും പരിചരണത്തിനും വനം വകുപ്പ് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; വിശദവിവരം നല്കുമോ; | (എ) | നാഷണൽ മെഡിസിനൽ പ്ലാൻറ് സ് ബോർഡിന്റെ ധനസഹായത്തോടെയും, National Afforestation Plan ഫണ്ടുപയോഗിച്ചും സംസ്ഥാനത്തെ വിവിധ വനമേഖലകളിൽ ഔഷധ സസ്യങ്ങളുടെ വ്യാപനത്തിനും പരിചരണത്തിനും വനംവകുപ്പ് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. |
| (ബി) | കാട്ടിലെ ഔഷധ ചെടികളുടെ പ്രാധാന്യവും ഔഷധ മൂല്യവും പൊതു സമൂഹത്തിനു ബോധ്യപ്പെടുത്തും വിധത്തിലുള്ള പദ്ധതികൾ മറ്റു വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്നതിന് വനം വകുപ്പ് മുൻകൈയെടുക്കുമോ; വിശദമാക്കുമോ | (ബി)&<br>(സി) | ആരോഗ്യവകുപ്പിന്റെ കീഴിൽ ഔഷധസസ്യ കൃഷി വിപണനം,സംരക്ഷണം തുടങ്ങിയ വസ്തുതകൾ സംബന്ധിച്ച സെമിനാറുകൾ ,വർക്ക്ഷോപ്പുകൾ എന്നിവ നടപ്പിലാക്കുമ്പോൾ ആദിവാസി വിഭാഗങ്ങളെയും, പരമ്പരാഗത വൈദ്യൻമാരെയും , ആയുർവേദ ഡോക്ടർമാരെയും ആയതിലേയ്ക്ക് ക്ഷണിക്കുകയും അവരുടെ അനുഭവങ്ങൾ പ്രസ്തുത സെമിനാറുകളിലും മറ്റു പദ്ധതികളിലും പ്രയോജനപ്പെടുത്തുകയും ചെയ്തുവരുന്നു. |
| (സി) | ഇതിനായി ആദിവാസി വിഭാഗങ്ങളുടെയും പരമ്പരാഗത വൈദ്യന്മാരുടെയും പ്രശസ്ത ആയുർവേദ ഡോക്ടർമാരുടെയും സേവനം പ്രയോജനപ്പെടുത്തുന്നത് പരിഗണിക്കുമോ; | | |
| (ഡി) | നമ്മുടെ കാടുകളിൽ വംശനാശഭീഷണി നേരിടുന്ന ഔഷധ ചെടികൾ സംബന്ധിച്ച ഡാറ്റ ബാങ്ക് നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു വിവരശേഖരണം നടത്തുവാനും വംശ നാശ ഭീഷണി നേരിടുന്ന ഔഷധ ചെടികൾ സംരക്ഷിക്കുന്നതിനും വനം വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദവിവരം നല്കുമോ? | (ഡി) | മേൽ പ്രകാരം ഉള്ള ഡാറ്റാബാങ്കുകൾ വനംവകുപ്പ് തയ്യാറാക്കിയിട്ടില്ല. അതിന്റെ സാധ്യത സർക്കാർ ആലോചിക്കുന്നതാണ്. |

Signature valid

Digitally signed by ANJALYDEVI A G
Date: 2020.02.05 11:03:30 IST
Reason: Approved

Section Officer